(ബി) ടി പ്രൈമറി ഹെൽത്ത് സെന്ററിൽ ഇപ്പോൾ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉദുമ പി.എച്ച്.സി.-യിൽ എന്നത്തേക്ക് കിടത്തി ചികിത്സ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദുമ പി.എച്ച്.സി.-യിൽ അസി. സർജൻ-2, നേഴ്സിംഗ് അസിസ്റ്റന്റ്-2, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1 എന്നീ തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ ഒരു ഡോക്ടർ മാത്രം ഉള്ളതിനാൽ കിടത്തി ചികിത്സ സാദ്ധ്യമാകുന്നില്ല.

(ഡി) ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ പൂർത്തിയാവുമ്പോൾ കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

അസിസ്റ്റന്റ് സർജൻമാരുടെ തസ്തികയിലേക്ക് നിയമനം നടത്താൻ നടപടി

116 [3168] ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിലവിൽ എത്ര സിവിൽ സർജൻമാരുടെ ഒഴിവുകളാണ് നികത്താനുള്ളത് എന്ന് അറിയിക്കുമോ;

(ബി) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് നിയമനം നടത്തുവാൻ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർ നിർണ്ണയിക്കപ്പെട്ട കാലപരിധി കഴിഞ്ഞിട്ടും സർവ്വീസിൽ പ്രവേശിക്കാതിരിക്കുന്നുവെന്നും അതുവഴി എത്ര നോൺ ജോയിന്റ് വേക്കൻസി നിലവിലുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 33 സിവിൽ സർജൻമാരുടെ ഒഴിവുകളാണ് നികത്താനുള്ളത്.

(ബി) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് 616 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഈ 616 പേർക്കും നിയമന ഉത്തരവും നൽകിയിട്ടുണ്ട്. അതിൽ 397 പേർ നിർണ്ണയിക്കപ്പെട്ട കാലപരിധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഇവരിൽ 274 പേർ ഉപരിപഠനത്തിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ബാക്കി 123 നോൺ ജോയിൻഡ് വേക്കൻസി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly